(ബി) കുളത്തൂപ്പുഴയിൽ ഈ പദ്ധതിയിലൂടെ എന്തൊക്കെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് ;

(സി) വനം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനത്തിനായി ഈ പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങൾ ചെയ്യാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഞ്ജീവനി വനം പദ്ധതിയിൻ കീഴിൽ ഔഷധ സസ്യങ്ങളുടെ കൃഷി, അവയുടെ വ്യാപനം, ഔഷധസസ്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, തൈ ഉൽപ്പാദനം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം അവയുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ശിൽപ്പശാലകളും, പ്രകൃതി പഠനക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 1.25 ഹെക്ടർ സ്ഥലത്ത് കളകൾ വെട്ടി, 700 മീറ്റർ ദൂരത്തിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി, 1.0 കിലോ മീറ്റർ നീളത്തിലും 1.0 മീറ്റർ വീതിയിലുമുള്ള നടപ്പാതകൾ നിർമ്മിച്ചു. കൂടാതെ 100 സൈൻ ബോർഡുകളും, 200 നെയിം ബോർഡുകളും സ്ഥാപിച്ചു. ഔഷധസസ്യങ്ങളെ തിരിച്ചറിയാനും അവയുടെ ഔഷധമൂല്യം മനസ്സിലാക്കുന്നതിനുമായി ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. സഞ്ജീവനി ഔഷധത്തോട്ടത്തിന്റെ ചുറ്റുമതിൽ/വേലി എന്നിവയുടെ അറ്റകുറ്റപ്പണികളും നിർവ്വഹിച്ചിട്ടുണ്ട്.

(സി) വനംമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സഞ്ജീവനി വനം പദ്ധതിയുടെ വിവിധ ജോലികൾക്കായി വിനിയോഗിക്കുകവഴി ഇവർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

വിവിധ ഏജൻസിയുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ നടപടി

116 (4468) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനസംരക്ഷണ സമിതികളും പരിസ്ഥിതി വികസന സമിതികളും ഉൾപ്പെടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് ജനപങ്കാളിത്ത വന പരിപാലന പദ്ധതിപ്രകാരം രൂപീകരിച്ചിട്ടുള്ള 412 വന സംരക്ഷണ സമിതികളും 193 ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും (പരിസ്ഥിതി വികസന സമിതികളും) പ്രവർത്തിച്ചുവരുന്നു. ഇവയെ വനം ഡിവിഷൻ തലത്തിൽ ഏകോപിപ്പിക്കുന്നതിനായി 34 വന വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. വന വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ സംസ്ഥാന വന വികസന ഏജൻസി ജൂൺ 2010-ൽ നിലവിൽ വന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വനാശ്രിതരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന ഫണ്ട് ബന്ധപ്പെട്ട സമൂഹത്തിലേയ്ക്ക് നേരിട്ടെത്തിക്കാൻ സംസ്ഥാന വന വികസന ഏജൻസി വഴി ലക്ഷ്യമിടുന്നു.

കൂടാതെ വനാശ്രിതരുടെ ജീവനോപാധിക്കായി തടിയിതര വന വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, മൂല്യ വർദ്ധന വിപണനം എന്നീ രംഗങ്ങളിൽ വന സംരക്ഷണ സമിതികൾക്കും, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾക്കും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സേവനങ്ങൾ നൽകുന്നതിലേക്കായി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയായ വനശ്രീ സെൽ വനം വകുപ്പാസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് പ്രകൃതി പഠനത്തിന് നടപടി

117 (4469) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി പഠനം പ്രകൃതിസംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവയിൽ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് അറിവും താൽപ്പര്യവും ഉണ്ടാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) സ്കൂൾ തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പിൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നും ഇല്ലെങ്കിൽ അതിനുള്ള തീരുമാനം കൈക്കൊള്ളുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി പഠനം, പ്രകൃതി സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവയിൽ വിദ്യാർത്ഥികൾക്ക് അറിവും താൽപ്പര്യവും ഉണ്ടാക്കുന്നതിനായി വനം വകുപ്പിന്റെ വന്യജീവി വിഭാഗത്തിന് കീഴിലുള്ള വിവിധ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്. സ്കൂൾ മേലധികാരികൾ മുഖേന വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൻമേൽ വിദ്യാർത്ഥികൾക്ക് സൗജന്യമായാണ് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നത്. പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് വനം സംരക്ഷിക്കുക വനസമ്പത്ത് കാത്ത് സൂക്ഷിക്കുക വന്യജീവികളുടെ